LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയതിനാൽ സ്ഥലം ഏറ്റെടുത്ത് നിലവിലുള്ള മറ്റുറോഡുകളുമായി ബന്ധിപ്പിച്ച് പാലം ഉപയോഗയോഗ്യമാക്കുന്നതിന് സർക്കാർ അനുവദിച്ച 13.39 കോടി രൂപ വിനിയോഗിച്ച് പാലം ഗതാഗതയോഗ്യമാക്കുമോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കളരിയാമക്കൽ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി പൊതുമരാമത്ത് നിരത്ത് വകുപ്പിൽ നിന്നും 13-1-2021-ലാണ് കോട്ടയം ജില്ലാ കളക്ടർക്ക് റിക്വിസിഷൻ ലഭ്യമാക്കുകയും പ്രസ്തുത അർത്ഥന പ്രകാരം കളരിയാമക്കൽ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി പൊന്നും വില ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ) പാലായെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതുമാണ്. സ്ഥലമെടുപ്പ് സംബന്ധിച്ച അനുമതി ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ അർത്ഥനാധികാരി പൊതുമരാമത്ത് വകുപ്പ് മുഖേന ലഭ്യമാക്കുന്ന മുറക്ക് അനുമതി ഉത്തരവ് പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മാക്കേകടവ്-നേരെകടവ് പാലം

322(4332) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മാക്കേകടവ്-നേരെകടവ് പാലത്തിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമകൾക്കുള്ള പുനരധിവാസ പാക്കേജ് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മാക്കേക്കടവ്-നേരെകടവ് പാലത്തിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന ഭൂമിയിലെ ബാധിതർക്കുള്ള പുനരധിവാസ പാക്കേജ് 19-7-2021 തീയതിയിൽ പുനരധിവാസ കമ്മീഷണർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഏറ്റുമാനൂർ - എറണാകുളം റോഡിലെ വളവ് നികത്തുന്നതിന് നടപടി

323(4333) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ - എറണാകുളം റോഡിലെ വളവുകൾ നികത്തുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികൾ ഇഴഞ്ഞു നീങ്ങുന്നതിന്റെ കാരണം വ്യക്തമാക്കാമോ?